**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 223** **28.11.2018-ൽ മറുപടിയ്ക്ക്**

**<u>വാട്ടർ മെട്രോ പദ്ധതി</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന വാട്ടർ മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | പദ്ധതിയുടെ സ്ഥലമെടുപ്പിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. കൂടാതെ, ബോട്ടുകൾ, ടെർമിനലുകൾ, ജലത്തിന് മുകളിൽ കിടക്കുന്ന ജെട്ടികൾ മുതലായവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഏതൊക്കെ പ്രദേശങ്ങളിലാണ് വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കും; വിശദമാക്കുമോ? | (ബി) | വരാപ്പുഴ മുതൽ ഇടക്കൊച്ചി വരെയുള്ള 10 ദ്വീപുകളിലായി 45 ബോട്ട് ജെട്ടികൾ ആണ് വാട്ടർ മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ആദ്യഭാഗത്തിൽ വൈറ്റില, ഏരൂർ, കാക്കനാട് ബോട്ട്ജെട്ടികൾ ഉൾപ്പെടുത്തി ഡിസംബർ 2019 മുതൽ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർണ്ണമായും മാർച്ച് 2021-ൽ പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ